LIBRARY ARCHIVES Kerala Legislative Assembly

## മൽസ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി

56 [6022] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. യു രാധാകൃഷ്ണൻ:
,, എം. മുരളി:
,, ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം ഉള്ള ആനുകൂല്യങ്ങൾ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവർക്ക് മാത്രമാണോ നൽകിവരുന്നത്;

(ബി) മൽസ്യ വിൽപ്പനയിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്കുകൂടി ഈ ഗവൺമെന്റ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം നൽകുകയുണ്ടായോ;

(സി) എങ്കിൽ അതിന്റെ പ്രയോജനം എത്ര പേർക്ക് അധികമായി ലഭിച്ചെന്ന് പറയുമോ?

### ഉത്തരം

(എ) ഇല്ല. 2002-2003 മുതൽ മൽസ്യ വിപണനവും അതുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് കൂടി പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

(ബി) നൽകുകയുണ്ടായി.

(സി) അതിന്റെ പ്രയോജനം 17,598 പേർക്ക് അധികമായി ലഭിച്ചു.

## മൽസ്യത്തൊഴിലാളികൾക്ക് വീടിന്റെ അറ്റകുറ്റപ്പണിക്കായി അനുവദിക്കപ്പെട്ട തുക

57 [6023] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഏതെല്ലാം സ്കീമുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്കീമുകൾ പ്രകാരം ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് ഈ വർഷം (2003-ൽ) സഹായം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇനിയും എത്ര അപേക്ഷകളിൽ തീരുമാനം എടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 2002-2003 വർഷത്തിൽ 100% പ്രത്യേക കേന്ദ്ര സഹായ പദ്ധതിയായി 'തീരസമൃദ്ധി' എന്ന 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയുണ്ടായി. അറ്റകുറ്റപ്പണി ചെയ്ത് കക്കൂസുകൾ നിർമ്മിക്കാൻ 20,000 രൂപ ധനസഹായം നൽകുന്ന ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ ഒമ്പത് തീരദേശ ജില്ലകളിൽ പൂർത്തിയായി വരുന്നു.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി കക്കൂസ് നിർമ്മാണം—109 പേർക്ക്

സാനിട്ടേഷൻ—304 പേർക്ക്

(സി) പ്രസ്തുത സ്കീമിൽ എല്ലാ ജില്ലകളിലും അനുവദിച്ച എണ്ണത്തേക്കാൾ അപേക്ഷകർ കൂടുതലായതിനാൽ നറുക്കെടുപ്പിലൂടെ 4000 ഗുണഭോക്താക്കളെ കണ്ടെത്തുകയും ശേഷിച്ചവ നിരസിക്കുകയുമാണുണ്ടായത്.

മത്സ്യ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം

58 [6024] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്ജ്:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായും ബഹുമാനപ്പെട്ട സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം ഏതെല്ലാമെന്നും വിശദീകരിക്കാമോ?

(സി) ഇതിലേക്കായി ഓരോ വർഷവും എത്ര തുക ചെലവഴിയ്ക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27,240 പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly